# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് നാല്പത്തിരണ്ട്

## സമുദ്രത്തിൽനിന്നുള്ള മൃഗം

## (3)

എതിർക്രിസ്തു ദാനീയേൽ 7-ലെ നാലാമത്തെ മൃഗമാണെന്നും, ദാനീയേൽ 8-ലെ ചെറിയ കൊമ്പാണെന്നും, ദാനീയേൽ 9-ലെ പ്രഭുവാണെന്നും, ദാനീയേൽ 11-ലെ രാജാവാണെന്നും കഴിഞ്ഞ രണ്ടു ദൂതുകളിൽ നാം കണ്ടു. ഈ ദൂതിൽ എതിർക്രിസ്തുവിന്റെ മറ്റു ചില സവിശേഷതകൾ നാം ചിന്തിക്കേണ്ടത് ആവശ്യമാണ്.

### V. പുള്ളിപ്പുലിക്കു സദൃശം

വെളിപ്പാട് 13:2 പറയുന്നു, "ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും, അവന്റെ പാദങ്ങൾ കരടിയുടേതു പോലെയും, അവന്റെ വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു." ഈ മൃഗത്തിന് ഒരു പേരു നല്കുവാൻ പ്രയാസമാണ്, കാരണം മറ്റെല്ലാ മൃഗങ്ങളുടെയും സവിശേഷതകൾ അവനുണ്ട്. വെളിപ്പാട് 13-ൽ അവനെ കേവലം "മൃഗം" എന്നു വിളിച്ചിരിക്കുന്നു.

#### A. ദാനീയേൽ 7-ലെ മൂന്നാമത്തെ മൃഗത്തിന്റെ അടയാളം

ദാനീയേൽ 7:4-6 അനുസരിച്ച്, ദ്രുതഗതിയും ക്രൂരനീക്കവുമുള്ള പുള്ളിപ്പുലി യവനദേശത്തിലെ രാജാവായ മഹാനായ അലക്സാണ്ടറിന്റെ അടയാളമായിരുന്നു. ഒരർഥത്തിൽ, പുള്ളിപ്പുലി സിംഹത്തെക്കാൾ നിഷ്ഠൂരനാണ്. യോഹന്നാൻ കണ്ട മൃഗം "ഒരു പുള്ളിപ്പുലിക്കു സദൃശമായിരുന്നു" എന്ന വസ്തുത എതിർക്രിസ്തു ഒരു യവനനായിരിക്കും എന്നു നാം പറയുന്നതിനെ ഉറപ്പിക്കുന്നു. മഹാനായ അലക്സാണ്ടർ ഒരു പുള്ളിപ്പുലിയായിരുന്നു, എതിർക്രിസ്തുവും പുള്ളിപ്പുലിക്കു സദൃശനായിരിക്കും.

#### B. ഒരു കരടിയുടേതുപോലത്തെ അവന്റെ പാദങ്ങൾ, ദാനീയേൽ 7-ലെ രണ്ടാമത്തെ മൃഗത്തിന്റെ അടയാളം

മൃഗത്തിന്റെ പാദങ്ങൾ "ഒരു കരടിയുടേതു പോലെ"

ആണെന്നും നമ്മോടു പറഞ്ഞിരിക്കുന്നു. നശിപ്പിക്കുന്ന പാദങ്ങൾ സവിശേഷതയായുള്ള കരടി മേദ്യ-പാർസ്യയുടെ രാജവാഴ്ചയുടെ അടയാളമായിരുന്നു. കരടി അതിന്റെ പാദങ്ങൾകൊണ്ട് ചവിട്ടുകയും തകർക്കുകയും ചെയ്യുന്നു. എതിർക്രിസ്തുവിന് ഈ സവിശേഷത ഉണ്ടായിരിക്കും.

## C. ഒരു സിംഹത്തിന്റേതുപോലത്തെ അവന്റെ വായ്, ദാനീയേൽ 7-ലെ ഒന്നാമത്തെ മൃഗത്തിന്റെ അടയാളം

അവന്റെ വായ് "സിംഹത്തിന്റെ വായ് പോലെ" ആയിരുന്നുവെന്ന് വെളിപ്പാട് 13:2 പറയുന്നു. വിഴുങ്ങുന്ന വായ് അടയാളമായുള്ള സിംഹം ബാബിലോണിലെ രാജാവായിരുന്ന നെബൂഖദ്നേസറിന്റെ ഒരു അടയാളമായിരുന്നു. എതിർക്രിസ്തു എന്ന ഈ മൃഗം മറ്റ് മൂന്നു മൃഗങ്ങൾക്കു സദൃശവും, ദാനീയേൽ 7:4-7-ൽ പറഞ്ഞിരിക്കുന്നതുപോലെ മൂന്നിന്റേയും സവിശേഷതകൾ ഉള്ളതുമായതിനാൽ, അവൻ മനുഷ്യചരിത്രത്തിലെ സകല ദുഷ്ടശക്തികളുടെയും ആകത്തുക ആയിരിക്കും. മഹാനായ അലക്സാണ്ടറിന്റെയും, ദാര്യാവേശിന്റെയും, നെബൂഖദ്നേസറിന്റെയും സവിശേഷതകൾ എതിർക്രിസ്തുവിന് ഉണ്ടായിരിക്കും. അവൻ ഒരു പുള്ളിപ്പുലിയെപ്പോലെ കാണപ്പെടുമെങ്കിലും അവന്റെ പാദങ്ങൾ ഒരു കരടിയുടേതുപോലെയും, അവന്റെ വായ് ഒരു സിംഹത്തിന്റേതുപോലെയും ആണ്. സകല കാട്ടുമൃഗങ്ങളുടെയും എല്ലാ സവിശേഷതകളും അവനെ സർവവും ഉൾക്കൊള്ളുന്ന ഒരു മൃഗമാക്കിക്കൊണ്ട് ഈ ഒരു വ്യക്തിയിൽ സംശ്ലേഷണം ചെയ്യപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ അവൻ സകല ലൗകികശക്തികളുടെയും ആത്യന്തിക ഫലവും ആകത്തുകയും ആയിരിക്കും. നിങ്ങൾ ലോകചരിത്രം പഠിക്കുമെങ്കിൽ, നെബൂഖദ്നേസർ ജനത്തെ വിഴുങ്ങിക്കളഞ്ഞുവെന്നും, ദാര്യാവേശ് അവരുടെമേൽ ചവിട്ടിയെന്നും, മഹാനായ അലക്സാണ്ടർ വളരെ ചുരുങ്ങിയ ഒരു സമയത്തിൽ മുഴുവൻ സാമ്രാജ്യത്തെയും പിടിച്ചടക്കിക്കൊണ്ട് ദ്രുതഗതിയിൽ നീങ്ങിയെന്നും നിങ്ങൾ കാണും. കൂടാതെ, അലക്സാണ്ടർ അങ്ങേയറ്റം ക്രൂരനായിരുന്നു. ഈ എല്ലാ സവിശേഷതകളും എതിർക്രിസ്തുവിന്റെ വിവിധ ലക്ഷണങ്ങളെ മുൻകുറിക്കുന്നു; അവൻ തീർച്ചയായും ഒരു അസാമാന്യനായ വ്യക്തിയായിരിക്കും.

എതിർക്രിസ്തു ഒരു സാധാരണ വ്യക്തിയായിരിക്കുമെന്ന് ചിന്തിക്കരുത്. ഇല്ല, അവൻ വളരെ അസാധാരണനായ ഒരു വ്യക്തിയായിരിക്കും. ഏകദേശം നാല്പതു വർഷങ്ങൾക്കു മുമ്പ് മുസോളിനി എതിർക്രിസ്തു ആയിരുന്നുവെന്ന് ചിലർ പറഞ്ഞു. ആ സമയം, 1936-ൽ, ഞാൻ എന്റെ ശുശ്രൂഷയിൽ ആയിരുന്നതിനാൽ, ഞാൻ ലോകസാഹചര്യത്തെ ശ്രദ്ധയോടെ

നിരീക്ഷിക്കുകയായിരുന്നു. ഈ അവകാശവാദം ഞങ്ങൾ കേട്ടപ്പോൾ മുസോളിനി അത്ര ശക്തനായിരുന്നില്ലെന്ന് ഞങ്ങൾ പെട്ടെന്ന് തിരിച്ചറിഞ്ഞു. കൂടാതെ, അവന് ഒരു പുള്ളിപ്പുലിയുടെ കാഴ്ചയല്ല, മറിച്ച് ഒരു തവളയുടെ കാഴ്ചയാണ് ഉണ്ടായിരുന്നത്. ഒരു മനുഷ്യനെ നോക്കി അവൻ എതിർക്രിസ്തുവായിരിക്കാം എന്ന ഒരു കിംവദന്തി നിങ്ങൾ കേൾക്കുമ്പോഴെല്ലാം, അവൻ എതിർക്രിസ്തുവിന്റെ സവിശേഷതകൾ ഉള്ളവനാണോ അല്ലയോ എന്ന് നിങ്ങൾ നോക്കണം. അവൻ ഒരു പുള്ളിപ്പുലിയെയും, ഒരു കരടിയെയും, ഒരു സിംഹത്തെയും പോലെയാണോ എന്നു ചോദിക്കുക. അവൻ ബുദ്ധിപരമായി സമർഥനാണോ എന്ന് അന്വേഷിക്കുക. എതിർക്രിസ്തുവിനെ സംബന്ധിച്ച കാര്യങ്ങൾ നാം തിരുവെഴുത്തുകളിൽ കണ്ടിട്ടുള്ളതുകൊണ്ട് അവനെ സംബന്ധിച്ച് ആർക്കും നമ്മെ വഞ്ചിക്കുവാൻ കഴിയുകയില്ല.

## D. സമുദ്രത്തിൽനിന്നു വരുന്നു

### *1. ഭൂമിശാസ്ത്രപരമായി മധ്യധരണ്യാഴി എന്ന "മഹാസമുദ്ര"ത്തിൽനിന്ന്*

മൃഗം സമുദ്രത്തിൽനിന്നു കയറിവരുമെന്ന് വെളിപ്പാട് 13:1 പറയുന്നു. ഭൂമിശാസ്ത്രപരമായി ഈ സമുദ്രം ദാനീയേൽ 7:2-ൽ പറഞ്ഞിരിക്കുന്ന "മഹാസമുദ്രം" എന്ന മധ്യധരണ്യാഴി ആണ്.

9:11-ലും, 11:7-ലും, 17:8-ലും എതിർക്രിസ്തു അഗാധത്തിൽനിന്നു കയറിവരുമെന്ന് നമ്മോടു പറഞ്ഞിരിക്കുന്നു. എന്നാൽ 13:1-ൽ പറഞ്ഞിരിക്കുന്നത് ദാനീയേൽ 7:3-ലെന്നപോലെ സമുദ്രത്തിൽനിന്നു കയറിവരുമെന്നാണ്. എതിർക്രിസ്തു രണ്ടു ഉറവിടത്തിൽനിന്നു വരുമെന്ന് ഇത് സൂചിപ്പിക്കുന്നു. അഗാധത്തിൽ സൂക്ഷിച്ചിരിക്കുന്ന അവന്റെ ആത്മാവ് അഗാധത്തിൽനിന്നു കയറിവരുകയും, അവന്റെ ശരീരം മധ്യധരണ്യാഴിയുടെ ചുറ്റുപാടുള്ള ജാതീയ രാജ്യങ്ങളിലൊന്നിൽ നിന്നു വരുകയും ചെയ്യും. അഗാധം ഭൂമിയുടെ ഹൃദയത്തിലും (റോമ. 10:7; മത്താ. 12:40) സമുദ്രം ഭൂമിക്കു മുകളിലും ആയതുകൊണ്ട് അഗാധത്തിൽനിന്നും സമുദ്രത്തിൽനിന്നും എതിർക്രിസ്തു കയറിവരും എന്നത് സമുദ്രം അഗാധത്തിന്റെ വായാണെന്നും സൂചിപ്പിക്കാം.

### *2. പ്രതീകാത്മകമായി ജാതീയ ലോകത്തിൽനിന്ന്*

വേദപുസ്തക പ്രതിരൂപത്തിൽ കര യിസ്രായേൽരാഷ്ട്രത്തെ സൂചിപ്പിക്കുകയും, സമുദ്രം ജാതീയ രാഷ്ട്രങ്ങളെ സൂചിപ്പിക്കുകയും ചെയ്യുന്നു (17:15; യെശ. 57:20). എതിർക്രിസ്തു ജാതീയ ലോകത്തിൽനിന്നു വരുമെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു.

യെഹൂദ്യമേഖലയിൽനിന്നോ യെഹൂദാജനത്തിൽനിന്നോ എതിർക്രിസ്തു എഴുന്നേൽക്കുമെന്ന് ചിലർ പ്രതീക്ഷിക്കുന്നു. എന്നാൽ നാം കണ്ടതുപോലെ, വേദപുസ്തകത്തിൽ യെഹൂദ്യമേഖല കരയാൽ സൂചിപ്പിക്കപ്പെടുകയും, ജാതീയലോകം സമുദ്രത്താൽ സൂചിപ്പിക്കപ്പെടുകയും ചെയ്യുന്നു. എതിർക്രിസ്തു കരയിൽനിന്നു വരാതെ സമുദ്രത്തിൽനിന്നു വരുന്നതിനാൽ അവന് യിസ്രായേലിൽനിന്ന് എഴുന്നേൽക്കുവാൻ കഴിയുകയില്ല. കൂടാതെ, അവൻ പുരാതന യവനദേശത്തിന്റെ നാലു രാജത്വങ്ങളിലൊന്നിൽനിന്നു പ്രത്യക്ഷനാകുമെന്ന് നമുക്കറിയാം (ദാനീ. 8:8-9, 21-23). എതിർക്രിസ്തുവിനെ സംബന്ധിച്ച് നാം ഈ വെളിച്ചം സ്വീകരിച്ചതുകൊണ്ട്, യാതൊരു അയഞ്ഞ വ്യാഖ്യാനങ്ങൾക്കും ഇനിമേൽ ചെവികൊടുക്കരുത്.

## E. പത്തു കൊമ്പും ഏഴു തലയും ഉള്ളവൻ

എതിർക്രിസ്തു എന്ന മൃഗത്തിന് "പത്തു കൊമ്പും ഏഴു തലയും, കൊമ്പുകളിൽ പത്തു മകുടങ്ങളും തലയിൽ ദൂഷണ നാമങ്ങളും" ഉണ്ടായിരിക്കുമെന്ന് വെളിപ്പാട് 13:1 പറയുന്നു. ഈ സർവവും ഉൾക്കൊള്ളുന്ന മൃഗത്തിന് പത്തു കൊമ്പും ഏഴു തലയും ഉണ്ടായിരിക്കുമെന്ന് ഇവിടെ നാം കാണുന്നു. നാം എല്ലാവരും ഇതിന് ശ്രദ്ധ നല്കണം.

### *1. വ്യാളിയെപ്പോലെതന്നെ*

12:3-ലെ വ്യാളിക്കും 13:1-ലെ മൃഗത്തിനും ഏഴു തലയും പത്തു കൊമ്പുകളും ഉണ്ട്. ഇത് ഉറപ്പിച്ചു ചൂണ്ടിക്കാണിക്കുന്നത് വരുവാൻപോകുന്ന എതിർക്രിസ്തു സാത്താനുമായി ഒന്നായിരിക്കും എന്നാണ്. അവൻ വാസ്തവത്തിൽ സാത്താന്റെ ദേഹരൂപമായിരിക്കും. സാത്താൻ അവനിൽ ദേഹരൂപമെടുക്കുകയും അവനിലൂടെ ആവിഷ്കരിക്കുകയും ചെയ്യും, എന്തെന്നാൽ സാത്താന്റെ ഏഴു തലയും പത്തു കൊമ്പും എതിർക്രിസ്തുവിന്റെ ഏഴു തലയും പത്തു കൊമ്പുകളും ആയിരിക്കും.

### *2. പത്തു കൊമ്പുകൾ*

ഈ പത്തു കൊമ്പുകൾ എന്താണ്? ഒന്നാമതായി, അവ പത്തു കൊമ്പുകളിലുള്ള പത്തു രാജമുടികൾ സൂചിപ്പിക്കുന്ന വെളിപ്പാട് 17:12-ലെ പത്തു രാജാക്കന്മാരാണ്. രണ്ടാമതായി, അവ ദാനീയേൽ 2:42-44-ലെ വലിയ ബിംബത്തിന്റെ പത്തു കാൽവിരലുകൾ സൂചിപ്പിക്കുന്ന പത്തു രാജ്യങ്ങളാണ്. ബിംബത്തിൽ പത്തു വിരലുകളും മൃഗത്തിൽ പത്തു കൊമ്പുകളുമാണുള്ളത്. മൃഗത്തിന്റെ പത്തു കൊമ്പുകൾ ബിംബത്തിന്റെ പത്തു

കാൽവിരലുകൾക്കു സമമാണ്. അതിലുപരി, ഈ പത്തു കാൽവിരലുകൾ സമാന്തരമായി പത്തു രാജ്യങ്ങളും ആണ്.

### *3. ഏഴു തലകൾ*

മൃഗത്തിന്റെ ഏഴു തലകൾ ഏഴു തലകളിലുള്ള ഏഴു രാജമുടികൾ (12:3) സൂചിപ്പിക്കുന്ന റോമാസാമ്രാജ്യത്തിന്റെ ഏഴു കൈസർമാരാണ് (17:10). മൊത്തത്തിൽ റോമാസാമ്രാജ്യത്തിന് പന്ത്രണ്ടു കൈസർമാർ ഉണ്ടായിരുന്നു, എന്നാൽ ഏഴുപേരെ മാത്രമേ വെളിപ്പാടിലെ പ്രവചനത്തിൽ പ്രതിപാദിക്കുന്നുള്ളൂ. മറ്റുള്ള അഞ്ചുപേരെ അത്രയധികം ഉൾപ്പെടുത്തിയിട്ടില്ല. ഒന്നാമത്തെ കൈസർ ജൂലിയസും, അഞ്ചാമത്തവൻ നീറോയും, ആറാമത്തവൻ യോഹന്നാൻ വെളിപ്പാട് പുസ്തകം എഴുതിയപ്പോൾ കൈസറായിരുന്ന ഡൊമീഷ്യനും ആയിരുന്നു. ഏഴാമത്തെ കൈസർ ഒടുവിൽ ഒരു മരണപ്രഹരം സഹിക്കുന്നവനും അഞ്ചാമത്തെ കൈസറായ നീറോയുടെ ആത്മാവോടുകൂടെ പുനർജീവിപ്പിക്കപ്പെടുന്നവനുമായ എതിർക്രിസ്തു ആയിരിക്കും. ഇപ്പോൾ, നീറോയുടെ ആത്മാവ് അഗാധത്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരിക്കുന്നു. ഏഴാമത്തെ കൈസർ കൊല്ലപ്പെട്ടശേഷം പുനർജീവിപ്പിക്കപ്പെടാറാകുമ്പോൾ, നീറോയുടെ ആത്മാവിനെ അഗാധത്തിൽനിന്നു മോചിപ്പിക്കുകയും ഏഴാമത്തെ കൈസറുടെ ശരീരത്തിലേക്ക് പ്രവേശിക്കുകയും, അപ്പോൾ അവൻ എട്ടാമനായിരിക്കുവാൻ പുനർജീവിപ്പിക്കപ്പെടുകയും ചെയ്യും (17:10-11). എതിർക്രിസ്തു എട്ടാമനായിരിക്കുമെങ്കിലും, അവൻ ഏഴാമനും അഞ്ചാമന്റെ ഭാഗവും ആയിരിക്കും. പതിനേഴാം അധ്യായത്തിലേക്കു വരുമ്പോൾ നമുക്കിത് സമ്പൂർണ്ണമായി ചിന്തിക്കാം.

മൃഗത്തിന്റെ ഏഴു തലകൾ ദൂഷണനാമങ്ങൾ വഹിക്കുന്നു. ചരിത്രമനുസരിച്ച്, ഏഴു കൈസർമാരും ദൈവമെന്ന് അവകാശപ്പെടുകയും, ദൈവമെന്ന് ഭാവിക്കുകയും, അവരെ ദൈവമായി ആരാധിക്കുവാൻ അവരുടെ ജനത്തെ നിർബന്ധിക്കുകയും ചെയ്തു. അത് വാസ്തവമായും ദൈവദൂഷണമായിരുന്നു. ഇതാണ് ദൂഷണനാമങ്ങൾ എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്.

## VI. അഗാധദൂതൻ

### A. അഗാധത്തിൽനിന്നു കയറിവരുന്നു

എതിർക്രിസ്തു വളരെ ആഴമുള്ള ഗർത്തമായ അഗാധത്തിന്റെ ദൂതനും ആയിരിക്കും (9:11). എതിർക്രിസ്തു അഗാധത്തിൽനിന്നു കയറിവരുമെന്നും (11:7; 17:8) നീറോയുടെ ആത്മാവുള്ളവനായിരിക്കുമെന്നും നാം കണ്ടു. പുനർജീവിപ്പിക്കപ്പെട്ട എതിർക്രിസ്തു

നീറോയുടെ ആത്മാവുള്ളവനായിരിക്കുമെന്ന് എങ്ങനെ നമുക്കറിയാമെന്ന് ചിലർ അത്ഭുതപ്പെടുന്നുണ്ടാകാം. ഒരുവശത്ത്, അവന്റെ ഭൗതിക ജനനം സംബന്ധിച്ചിടത്തോളം എതിർക്രിസ്തു പുരാതന മക്കദോന്യയുടെയും യവനദേശത്തിന്റെയും സാമ്രാജ്യത്തിന്റെ നാലു രാജത്വങ്ങളിലൊന്നിൽനിന്നു വരും. മറുവശത്ത്, അവൻ അഗാധത്തിൽനിന്നു കയറിവരുമെന്ന് വേദപുസ്തകം വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. കൂടാതെ, അവന്റെ നാമത്തിൽ അറുനൂറ്ററുപത്താറ് എന്ന സംഖ്യ ഉണ്ടായിരിക്കും. എബ്രായ അക്ഷരങ്ങളുടെ സംഖ്യാമൂല്യം അനുസരിച്ച്, കൈസർ നീറോ എന്ന പേരിന്റെ സംഖ്യ അറുനൂറ്ററുപത്താറിനു സമമാണ്. വരാൻപോകുന്ന എതിർക്രിസ്തു നീറോ കൈസറായിരിക്കുമെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു. നീറോ എന്ന കൈസർ മരിച്ചതിനുശേഷം സംശയലേശമെന്യേ അവന്റെ ആത്മാവ് ഭാവിയിലുള്ള ചില ഉപയോഗത്തിനുവേണ്ടി അഗാധത്തിലേക്കു പോയിയെന്ന് മേൽപ്പറഞ്ഞ ചില ഉപദേഷ്ടാക്കന്മാരുടെ സഹായത്താൽ നാം കണ്ടിരിക്കുന്നു. ഒരു പ്രത്യേക സമയത്ത് അവന്റെ ആത്മാവ് അഗാധത്തിൽനിന്നും വിടുവിക്കപ്പെടും. വരാൻപോകുന്ന എതിർക്രിസ്തു മരണകരമായ ഒരു മുറിവ് സഹിക്കുമെന്ന് വെളിപ്പാടിൽ നമ്മോട് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അവൻ കൊല്ലപ്പെടുമെങ്കിലും, അവന്റെ മരണകരമായ മുറിവ് സൗഖ്യമാക്കപ്പെടും (13:3). ഇത് പുനർജ്ജീവിപ്പിക്കപ്പെടുന്നതിനെ കുറിക്കുന്നു. നാം പതിനേഴാം അധ്യായത്തിലേക്കു വരുമ്പോൾ, എതിർക്രിസ്തു നീറോ കൈസറുടെ ആത്മാവോടുകൂടെ പുനർജ്ജീവിപ്പിക്കപ്പെടുമെന്ന് നാം കാണും. എതിർക്രിസ്തു ഒന്നാമതായി ഏഴാമത്തെ കൈസറായിരിക്കും; അവൻ ഒരുപക്ഷേ അവസാനത്തെ മൂന്നര വർഷത്തിനുമുമ്പ് കൊലചെയ്യപ്പെടും. പിന്നീട് നീറോയുടെ ആത്മാവ് ഏഴാമത്തെ കൈസറുടെ ശരീരത്തിലേക്കു പ്രവേശിക്കുന്നതിന് അഗാധത്തിൽനിന്നു വിടുവിക്കപ്പെടും; അപ്പോൾ അവൻ എട്ടാമത്തെ കൈസറായിത്തീരുവാൻ പുനർജ്ജീവിപ്പിക്കപ്പെടും. ഇത് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ വ്യാജമായിരിക്കും. ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനും ക്രിസ്തു മാത്രമാണെന്ന് ക്രിസ്ത്യാനികൾ പ്രസംഗിച്ചുവരുന്നു. എന്നാൽ മറ്റൊരുവൻ കൊല്ലപ്പെടുകയും പ്രത്യക്ഷത്തിൽ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്ന ദിവസം വരുന്നു. പുനരുത്ഥാനത്തിന്റെ ഈ വ്യാജം നിമിത്തം സർവലോകവും ക്രിസ്തുവിന്റെ വ്യാജനായ എതിർക്രിസ്തു എന്ന മൃഗത്തിന്റെ പിന്നാലേ ആശ്ചര്യപ്പെടും (13:3). ഏഴാമനായ അവൻ എട്ടാമനായിത്തീരും; എങ്കിലും അവന് ഏഴാമന്റെ ശരീരവും അഞ്ചാമന്റെ ആത്മാവും ഉണ്ടായിരിക്കും. ഈ ശരിയായ അറിവിന്റെ പ്രകാശനം നമുക്കെല്ലാവർക്കും ആവശ്യമാണ്.

## B. ഭൂതബാധിതരായ വെട്ടുക്കിളികളുടെ സൈന്യത്തിന്റെ രാജാവ്

അഗാധത്തിന്റെ ദൂതനെന്ന നിലയിൽ, എതിർക്രിസ്തു ഭൂതബാധിതരായ വെട്ടുക്കിളികളുടെ രാജാവായിരിക്കും (9:1-11). അഞ്ചാമത്തെ കാഹളം ഊതുന്ന സമയം, സാത്താൻ ഭൂമിയിലേക്കു വീഴുകയും അഗാധകൂപത്തിന്റെ താക്കോൽ നല്ലപ്പെടുകയും ചെയ്യും (9:1). 9:1-ലെ നക്ഷത്രം സ്വർഗത്തിൽനിന്നു ഭൂമിയിലേക്ക് എറിയപ്പെടുന്ന സാത്താനെ പരാമർശിക്കുന്നു. സാത്താൻ ഭൂമിയിലേക്ക് എറിയപ്പെട്ടതിനുശേഷം, അവൻ അസാമാന്യമായ, ഭൂതംബാധിച്ച വെട്ടുക്കിളികളുടെ ഒരു സൈന്യത്തെ വിടുവിക്കുവാൻ അഗാധകൂപത്തിന്റെ താക്കോൽ ഉപയോഗിക്കും. അഗാധത്തിൽനിന്നും ഈ വെട്ടുക്കിളികൾ വിടുവിക്കപ്പെടുന്ന സമയത്ത് നീറോയുടെ ആത്മാവും അവയോടുകൂടെ വിടുവിക്കപ്പെടുമായിരിക്കും. അവയെല്ലാം ഒരുമിച്ച് അഗാധത്തിൽനിന്നു വരുകയും, എതിർക്രിസ്തു ഈ വെട്ടുക്കിളികളുടെ സൈന്യത്തിന്റെ രാജാവായിത്തീരുകയും ചെയ്യും. നാം കണ്ടതുപോലെ, ഈ വെട്ടുക്കിളികൾ അഞ്ചു മാസം മനുഷ്യരെ ദണ്ഡിപ്പിക്കും. സാത്താനും, വ്യാളിയും, മൃഗം എന്ന എതിർക്രിസ്തുവും ദൈവം തനിക്കുവേണ്ടി സൃഷ്ടിച്ച മനുഷ്യരെ ദണ്ഡിപ്പിക്കുവാനും മുറിവേല്പിക്കുവാനും സഹകരിക്കും. ഇതായിരിക്കും മഹോപദ്രവത്തിന്റെ ആരംഭത്തിലെ മൂന്നു കഷ്ടങ്ങളിൽ ഒന്നാമത്തേതായ അഞ്ചാമത്തെ കാഹളം.

## C. അബദ്ദോനും അപ്പൊല്ലുവോനും

അഗാധദൂതന്റെ പേര് എബ്രായഭാഷയിൽ അബദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊല്ലുവോൻ എന്നും ആണെന്ന് വെളിപ്പാട് 9:11 പറയുന്നു. അബദ്ദോൻ അർഥമാക്കുന്നത് വിനാശം എന്നും അപ്പൊല്ലുവോൻ അർഥമാക്കുന്നത് വിനാശകൻ എന്നും ആണ്. എതിർക്രിസ്തു രണ്ടും, വിനാശകനും വിനാശവും ആയിരിക്കും. അവൻ ക്രോധംകൊണ്ട് നിറഞ്ഞിരിക്കുകയും, സാത്താന്യമായ വെറുപ്പു ബാധിച്ചിരിക്കുകയും, അവൻ പോകുന്നിടത്തെല്ലാം വിനാശം കൊണ്ടുവരികയും ചെയ്യും. തന്റെ സമയം ചുരുക്കമാണെന്നും, തനിക്ക് ഭൂമിയിൽ പ്രവർത്തിക്കുവാൻ മൂന്നര വർഷം മാത്രമേ ഉള്ളൂവെന്നും സാത്താൻ മനസ്സിലാക്കും. തന്മൂലം, എതിർക്രിസ്തുവിലൂടെ പ്രവർത്തിച്ചുകൊണ്ട് മനുഷ്യവർഗത്തെ നശിപ്പിക്കുവാൻ സാധ്യമായതെല്ലാം അവൻ ചെയ്യും.

## VII. അധർമത്തിന്റെ മനുഷ്യൻ

എതിർക്രിസ്തു അധർമത്തിന്റെ മനുഷ്യൻ ആയിരിക്കും (2 തെസ്സ. 2:3-10). അപ്പൊസ്തലനായ പൗലൊസ് തെസ്സലൊനീക്യർ രണ്ടാം

ലേഖനം എഴുതുമ്പോൾ ദാനീയേൽപ്രവചനത്തിലുള്ള അവന്റെ പരിജ്ഞാനത്തിൽനിന്നും ഈ അധർമത്തിന്റെ മനുഷ്യനെ സംബന്ധിച്ച് അവന് ഉൽബോധനം ലഭിച്ചിരിക്കണം. ദാനീയേൽ എട്ടും പതിനൊന്നും അധ്യായങ്ങളനുസരിച്ച്, എതിർക്രിസ്തു സകല ദേവന്മാർക്കുംമേൽ തന്നെത്താൻ ഉയർത്തുകയും, സ്വയം ദൈവമെന്നു വിളിക്കുകയും ചെയ്യും. 2 തെസ്സലൊനീക്യർ 2-ൽ ഇതിനെ സംബന്ധിച്ചുള്ള പൗലൊസിന്റെ വാക്ക് ദാനീയേൽപ്രവചനത്തെ പരാമർശിച്ചായിരിക്കണം.

## A. അധർമിയായവൻ

ഈ അധർമത്തിന്റെ മനുഷ്യനെ "അധർമിയായവൻ" എന്നു വിശേഷിപ്പിച്ചിരിക്കുന്നു (2 തെസ്സ. 2:8). എതിർക്രിസ്തു അധർമിയായ ഒരു വ്യക്തിയും ആയിരിക്കും. ഇന്ന് മുഴുലോകവും അധർമത്തിന്റെ ദിശയിൽ പൊയ്ക്കൊണ്ടിരിക്കുന്നു. അധർമം എല്ലായിടവും ഉണ്ട്. എതിർക്രിസ്തു അധർമത്തിന്റെ പ്രതിനിധിയും അതിന്റെ ആകത്തുകപോലും ആയിരിക്കുന്നതുകൊണ്ട്, വേദപുസ്തകം അവനെ "അധർമിയായവൻ" എന്നു വിളിക്കുന്നു.

## B. നാശത്തിന്റെ പുത്രൻ

അധർമത്തിന്റെ മനുഷ്യനായ എതിർക്രിസ്തുവിനെ "നാശത്തിന്റെ പുത്രൻ" എന്നും വിശേഷിപ്പിച്ചിരിക്കുന്നു (2 തെസ്സ. 2:3). അവൻ അത്രമാത്രം പാപിയും അധർമിയും ആയിരിക്കും എന്നതുകൊണ്ട്, അവൻ അസാമാന്യമായ രീതിയിൽ നശിച്ചുപോകുന്ന "നാശത്തിന്റെ പുത്രൻ" ആയിത്തീരും. അവനെ കുഞ്ഞാട് തോല്പിക്കുകയും, പിടിച്ചടക്കുകയും, തീപ്പൊയ്കയിലേക്ക് ജീവനോടെ എറിയുകയും ചെയ്യും. അതുകൊണ്ട്, വചനത്തിന്റെ ഈ ഹ്രസ്വഭാഗത്ത് പൗലൊസ് എതിർക്രിസ്തുവിന്റെ മൂന്നു അഭിധാനങ്ങൾ നമുക്കു നല്കുന്നു—അധർമത്തിന്റെ മനുഷ്യൻ, അധർമിയായവൻ, നാശത്തിന്റെ പുത്രൻ.

## C. ദൈവത്തോട് എതിർക്കുകയും ദൈവത്തിനുമീതെ തന്നെത്താൻ ഉയർത്തുകയും ചെയ്യുന്നു

എതിർക്രിസ്തു "ദൈവം എന്ന് വിളിക്കപ്പെടുന്നതോ ആരാധനാവസ്തുവോ ആയ സകലത്തെയും എതിർക്കുകയും അവനെത്തന്നെ അവയ്ക്കു മീതെ സ്വയം ഉയർത്തുകയും ചെയ്യുന്നു" എന്ന് 2 തെസ്സലൊനീക്യർ 2:4 പറയുന്നു. ഈ വാക്യത്തെ ദാനീയേൽ 8:11, 25; 11:36, 37; വെളിപ്പാട് 13:6 എന്നീ വാക്യങ്ങളുമായി ഒത്തുനോക്കേണ്ടത് ആവശ്യമാണ്. ഈ ഭാഗങ്ങളെല്ലാം അധർമത്തിന്റെ മനുഷ്യൻ ദൈവത്തെ എതിർക്കുകയും ദൈവത്തിനുമീതെ തന്നെത്താൻ ഉയർത്തുകയും ചെയ്യും എന്ന അതേ കാര്യവുമായി ബന്ധപ്പെട്ടതാണ്.

## D. ദൈവാലയത്തിൽ ഇരുന്നുകൊണ്ട് അവൻ ദൈവമാണെന്ന് തന്നെത്താൻ പ്രദർശിപ്പിക്കുന്നു

എതിർക്രിസ്തു "ദൈവാലയത്തിൽ ഇരുന്ന്, താൻ ദൈവം എന്നു പറഞ്ഞുകൊണ്ട് അവനെത്തന്നെ പ്രദർശിപ്പിക്കുന്നു" എന്നും 2 തെസ്സലൊനീക്യർ 2:4 പറയുന്നു. ഈ വിഷയം അറിയിക്കുന്നതിൽ പൗലൊസ് ദാനീയേലിനെക്കാൾ മുന്നോട്ടുപോയിരിക്കുന്നു. എതിർക്രിസ്തു ആലയത്തിൽ ഇരിക്കുമെന്ന് ദാനീയേൽ പറഞ്ഞില്ല; എന്നാൽ അവൻ ആലയത്തിൽ ദൈവമായി ഇരിക്കുമെന്നും അവനെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുമെന്നും പൗലൊസ് വ്യക്തമായി നമ്മോടു പറയുന്നു.

## E. സകല ശക്തിയോടും, അടയാളങ്ങളോടും, വ്യാജമായ അത്ഭുതങ്ങളോടും കൂടെയും അനീതിയുടെ സകല വഞ്ചനയോടു കൂടെയും സാത്താന്റെ പ്രവർത്തനത്തിനു പിന്നാലെ വരുന്നു

2 തെസ്സലൊനീക്യർ 2:9-10 പറയുന്നു, "അവന്റെ വരവ് സാത്താന്റെ വ്യാപാരത്തിനൊത്തവണ്ണം കളവിന്റെ സകല ശക്തിയിലും അടയാളങ്ങളിലും അത്ഭുതങ്ങളിലും, നശിക്കുന്നവരുടെ ഇടയിൽ അനീതിയുടെ സകല വഞ്ചനയിലും ആകുന്നു." എതിർക്രിസ്തുവിന്റെ വരവ് സാത്താന്റെ പ്രവർത്തനത്തിനൊത്തവണ്ണമായിരിക്കും. ഇന്ന് ക്രിസ്തുമതത്തിൽ അടയാളങ്ങളും, അത്ഭുതങ്ങളും, അതിശയങ്ങളും അന്വേഷിക്കുന്ന ഒരു പ്രവണതയുണ്ട്. എന്നാൽ നാം ശ്രദ്ധാലുക്കളായിരിക്കണം. യോഹന്നാൻ 2:23-25 അനുസരിച്ച്, അടയാളങ്ങൾ അന്വേഷിക്കുന്നവരിൽ കർത്താവായ യേശുവിന് യാതൊരു നിശ്ചയവും ഉണ്ടായിരുന്നില്ല. അടയാളങ്ങൾ അന്വേഷിക്കരുത്. അന്വേഷിക്കുന്നുവെങ്കിൽ, നിങ്ങൾ വഞ്ചിക്കപ്പെട്ടേക്കും. ദൈവത്തിന്റെ ആത്മാവിനു മാത്രമല്ല അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയുന്നത്, സാത്താന്റെ ആത്മാവിനും അവ ചെയ്യുവാൻ സാധിക്കും. സാത്താന്റെ പ്രവൃത്തനത്തിനു പിന്നാലെ വരുന്ന എതിർക്രിസ്തു വ്യാജമായ അത്ഭുതങ്ങൾ കാണിക്കുമെന്ന് പൗലൊസ് പറയുന്നു. അവ അത്ഭുതങ്ങളാണെങ്കിലും അവ ഒരു വ്യാജവും, ഒരു കാപട്യവും, അനീതിയുടെ ഒരു വഞ്ചനയും ആണ്. അത്ഭുതങ്ങൾക്ക് ശ്രദ്ധനല്കാതെ, നീതിയുടെ തത്ത്വങ്ങൾ കാത്തുസൂക്ഷിക്കുക. അനീതിയുള്ള എന്തിനെയും, അത് അതിശയകരമാണെങ്കിൽ പോലും തിരസ്കരിക്കണം. അത്ഭുതങ്ങളെ സ്വീകരിക്കാതിരിക്കുകയും നീതിയെ മറക്കാതിരിക്കുകയും ചെയ്യുക. നീതിയുടെ തത്ത്വങ്ങൾ കാത്തുകൊള്ളുവാൻ നാം ഗൗരവമുള്ളവരാണെങ്കിൽ, വഞ്ചിക്കപ്പെടുന്നതിൽനിന്നും നാം സംരക്ഷിക്കപ്പെടും.

## F. അധർമ്മത്തിന്റെ മർമം ഇപ്പോൾ തടസ്സപ്പെട്ടിരിക്കുന്നു

2 തെസ്സലൊനീക്യർ 2:7 പറയുന്നു, "അധർമത്തിന്റെ മർമം ആകുന്നു ഇപ്പോൾ വ്യാപരിക്കുന്നത്, എന്നാൽ ഇപ്പോൾ തടുക്കുന്നവൻ വഴിയിൽനിന്ന് നീങ്ങിപ്പോകുന്നതുവരെ മാത്രം." ക്രിസ്തുവും സഭയും മർമങ്ങളാണെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്നാൽ ഇവിടെ പൗലൊസ് അധർമത്തിന്റെ മർമം എന്ന മറ്റൊരു മർമത്തെക്കുറിച്ചു പറയുന്നു. എതിർക്രിസ്തുവും ഒരു മർമമായിരിക്കും. പൗലൊസിന്റെ ധാരണയനുസരിച്ച്, അധർമത്തിന്റെ ഈ മർമം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്. എങ്കിലും, ഒരുവൻ അതിനെ തടുക്കുന്നുണ്ട്. ഈ അധർമത്തെ ആരാണ് തടുക്കുന്നതെന്നു പറയുവാൻ പ്രയാസമാണ്. എന്നിരുന്നാലും, അധർമത്തെ തടുക്കുന്ന ഏതോ ഒരു ശക്തി, ഏതോ ഒരു ബലം ഉണ്ട്.

അമേരിക്കൻ ഐക്യനാടുകളിൽ ഹിപ്പിപ്രസ്ഥാനം 1960-കളുടെ ആരംഭത്തിൽ തുടങ്ങി. ആ വർഷങ്ങൾ അധർമത്തിന്റെ വർഷങ്ങളായിരുന്നു. എന്നാൽ എന്തോ ഒന്ന് ആ അധർമപരമായ ഹിപ്പിപ്രസ്ഥാനത്തിനു തടയിടുകയും അത് നീങ്ങിപ്പോകുകയും ചെയ്തു. അധർമത്തിനുമേൽ യാതൊരു തടസ്സവും ഇല്ലായിരുന്നെങ്കിൽ, ഭൂമി ഒരിക്കലും വാസയോഗ്യമാകുമായിരുന്നില്ല. രാത്രിയിൽ ഉറങ്ങുവാൻ നമുക്ക് സമാധാനം ഉണ്ടാകുമായിരുന്നില്ല. ഇന്ന്, അധർമത്തിനുനേരെ ഒരു പ്രവണത ഉണ്ടെങ്കിലും, അത് തടസ്സപ്പെടുത്തലിൻകീഴിലാണ്. ദൈവോദ്ദേശ്യം നിറവേറിയിട്ടില്ലാത്തതുകൊണ്ട്, അതായത്, മണവാട്ടി ഇതുവരെ ഒരുക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട്, അധർമത്തിനുമേൽ ദൈവം തന്റെ നിയന്ത്രണം പ്രയോഗിക്കുന്നു. ആത്യന്തികമായി, അവസാനത്തെ മൂന്നര വർഷത്തിന്റെ സമയം ഈ തടസ്സം നീക്കപ്പെടുകയും, "ലോകം അതിന്റെ വഴിക്കു പോകട്ടെ" എന്നു ദൈവം പറയുകയും ചെയ്യുമെന്നു തോന്നുന്നു. ആ സമയം, അധർമിയായ എതിർക്രിസ്തു പൂർണ്ണമായി പ്രത്യക്ഷനാകുകയും, സർവഭൂമിയും അധർമത്താൽ നിറയപ്പെടുകയും ചെയ്യും. ഇതൊരു പ്രവചന വാക്കായതിനാൽ, നമ്മുടെ പ്രാഥമിക വിഷയമായ ജീവാനുഭവത്തിൽ അതു നമ്മെ സഹായിക്കുമെന്നു തോന്നുന്നില്ല. എന്നിരുന്നാലും, പ്രത്യേകിച്ചും യുവാക്കൾ ഈ എല്ലാ വിഷയങ്ങളാലും പ്രകാശിപ്പിക്കപ്പെടുമെന്നും, "ലോകത്തിന്റെ ഗതിയെ സംബന്ധിച്ച് ഞാനിപ്പോൾ വ്യക്തതയുള്ളവനാണ് എന്നതിനാൽ കർത്താവിനെ സ്തുതിക്കുന്നു. എന്താണ് വരുവാൻപോകുന്നതെന്ന് എനിക്കറിയാം" എന്നു പറയുമെന്നും ഞാൻ പ്രത്യാശിക്കുന്നു. ഇരുണ്ട രാത്രിയുടെ നടുവിൽ നമുക്ക് വെളിച്ചം ഉള്ളതിനായി കർത്താവിനെ സ്തുതിക്കാം!

## G. കർത്താവ് തന്റെ വായിലെ ശ്വാസത്താലും തന്റെ വരവിന്റെ ശോഭയാലും ഒടുക്കിക്കളയും

അവസാനമായി, 2 തെസ്സലൊനീക്യർ 2:8-ൽ പൗലൊസ്

പറയുന്നു, "അപ്പോൾ അധർമ്മിയായവൻ വെളിപ്പെടും (അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ നിഗ്രഹിക്കുകയും തന്റെ വരവിന്റെ പ്രത്യക്ഷതയാൽ ഒന്നുമ ല്ലാതാക്കുകയും ചെയ്യും)." കർത്താവിന്റെ വായിലെ ശ്വാസം വചനത്തെ സൂചിപ്പിക്കുന്നു. വെളിപ്പാട് 19:15 പറയുന്നു, "രാഷ്ട്രങ്ങളെ വെട്ടേണ്ടതിന് അവന്റെ വായിൽനിന്ന് മൂർച്ചയേറിയ വാൾ പുറപ്പെടുന്നു." ഇരുവായ്ത്തലയുള്ള ഈ മൂർച്ചയുള്ള വാൾ (1:16) കർത്താവിന്റെ കൊല്ലുന്ന വചനമാണ്. എതിർക്രിസ്തുവിനെ വെട്ടുവാനും അവനെ ഒടുക്കിക്കളയുവാനും കർത്താവ് ശ്വാസമെന്ന നിലയിൽ അവന്റെ വചനത്തെ അയയ്ക്കും. അവന്റെ വരവിന്റെ ശോഭകൊണ്ടും കർത്താവ് എതിർക്രിസ്തുവിനെ നശിപ്പിക്കും. ഈ ശോഭ തീവ്രമാക്കപ്പെട്ട ഒരു ആളിക്കത്തലും കൊല്ലുന്ന ഒരു വെളിച്ചവും ആയിരിക്കും. ഈ അധർമത്തിന്റെ മനുഷ്യനോട് ഇടപെടുവാൻ ക്രിസ്തു ഇങ്ങനെയുള്ള ഒരു വായോടും ഇങ്ങനെയുള്ള ഒരു വെളിച്ചത്തോടുംകൂടെ വരും. തൽഫൽമായി, എതിർക്രിസ്തു വിനാശപുത്രനും തീപ്പൊയ്കയിൽ നശിച്ചുപോകുന്ന ഒന്നാമനും ആയിരിക്കും. കള്ളപ്രവാചകനോടുകൂടെ അവൻ സാത്താനെക്കാൾ മുമ്പേ തീപ്പൊയ്കയിൽ നശിക്കും (19:20; 20:10). നാം പത്തൊമ്പതാം അധ്യായത്തിലേക്കു വരുമ്പോൾ, എതിർക്രിസ്തു ക്രിസ്തുവിനോട് നേരിട്ടും വ്യക്തിപരമായും യുദ്ധം ചെയ്യുമെന്നും, കർത്താവിന്റെ വരവിൽ ക്രിസ്തുവും അവന്റെ ജയാളികളും അവനോട് നേരിട്ട് യുദ്ധം ചെയ്യുമെന്നും നാം കാണും.

അങ്ങനെ ഇതുവരെ നാം എതിർക്രിസ്തുവിന്റെ ഏഴു വശങ്ങൾ കണ്ടു: നാലാമത്തെ മൃഗവും, ചെറിയ കൊമ്പും, പ്രഭുവും, രാജാവും, സർവവും ഉൾക്കൊള്ളുന്ന മൃഗവും, അഗാധദൂതനും, അധർമത്തിന്റെ മനുഷ്യനും. അടുത്ത ദൂതിൽ അവനെ സംബന്ധിച്ച് നാം കുറെക്കൂടി കാണും.